കഥ

ഹിശാം

# അകക്കണ്ണ്

**ഏറെ** ദിവസങ്ങളായി, ഒരു ആത്മസുഹൃത്ത് നൽകിയ പുസ്തകം എന്റെ വായനാ മുറിയിലെത്തിയിട്ട്.

ശ്രദ്ധിച്ചു വായിക്കണമെന്ന അദ്ദേഹത്തിന്റെ നിർദേശം എനിക്കത്ര പിടിച്ചിരുന്നില്ല.



കൃതിയുടെ രചയിതാവിനെക്കുറിച്ച് നിങ്ങൾ എഴുതണമെന്നും അദ്ദേഹം പറഞ്ഞിരുന്നു.

കൃതിയെക്കുറിച്ചല്ല; രചയിതാവിനെക്കുറിച്ച്.

ഒരു നിരൂപണമായിരിക്കുമോ സുഹൃത്ത് ഉദ്ദേശിച്ചിരിക്കുക?

ഒരു കൃതിയും ഞാൻ നിരൂപണം ചെയ്തിട്ടില്ല.

അത് സുഹൃത്തിന് നന്നായറിയാം.

എഴുത്ത് ഒരു ശീലമായതുകൊണ്ട് സ്വന്തം പേരിൽ കുറേ പുസ്തകങ്ങൾ പുറത്തുവന്നിട്ടുണ്ട്.

ഒരാശയത്തിന്റെയും വക്താവല്ലാത്തതുകൊണ്ടോ ഒന്നിലും എന്റെ പ്രത്യേക ശ്രദ്ധ പതിയാത്തതുകൊണ്ടോ കാമ്പും കനവുമുള്ള എഴുത്തായിരുന്നില്ല അത്.

സാമൂഹികമായ എന്തെങ്കിലും മാറ്റത്തിന്റെ ധ്വനിയും അവയിലൊന്നിലുമില്ല.

നേരംപോക്കിന് നടത്തിയ സൃഷ്ടികൾ എന്നു മാത്രമേ അവയെക്കുറിച്ച് പറയാൻ കഴിയൂ.

നന്മയുടെ ഒരു തിരിനാളം പോലും അവയിലെവിടെയും ഇല്ലെന്ന് പച്ചയായി പറയാനാണ് ഇപ്പോൾ എനിക്കിഷ്ടം.

വൃഥാവിലായ കുറേ കൊല്ലങ്ങൾ.

പാഴ്ജന്മം എന്നൊക്കെ പറയാറില്ലേ, അതുപോലെ.

എന്റെ സുഹൃത്ത് സോദ്ദേശ്യം നിരന്തരം എഴുതിക്കൊണ്ടിരിക്കുന്നയാളാണ്.

സഗൗരവം വായിക്കാവുന്ന ലേഖന പരമ്പരകൾ.

ഒരു സാമൂഹിക മാറ്റത്തിന്റെ പ്രേരണ തുടിക്കുന്ന വരികൾ.

ഈയിടെ പ്രസിദ്ധീകരിച്ച ഒരു ലേഖന സമാഹാരം എനിക്കഭിമുഖമായി കിടക്കുന്നുണ്ട്.

അതേക്കുറിച്ചൊന്നും അദ്ദേഹം പറഞ്ഞിരുന്നില്ല.

പ്രസിദ്ധീകരണ ദിവസം തന്നെ ഞാനത് സ്വന്തമാക്കുകയായിരുന്നു.

കാലഹരണപ്പെട്ട തത്ത്വസംഹിതകളാണ് അദ്ദേഹത്തെ നയിക്കുന്നതെങ്കിലും സാമൂഹിക നീതിക്കുവേണ്ടി ഉയർത്തിയ പടവാളാണ് അദ്ദേഹത്തിന്റെ തൂലിക.

ഇങ്ങനെയുള്ള ഒരാൾ ശ്രദ്ധിച്ചു വായിക്കണമെന്നും രചയിതാവിനെക്കുറിച്ച് എഴുതണമെന്നും പറഞ്ഞു കൊണ്ട്

പുസ്തകം തന്നത് എന്റെ മനസ്സിൽ മായാതെ കിടന്നു.

പലപ്പോഴും ആ പുസ്തകം കൈയിലെടുത്ത് നിർവികാരമായി ഞാൻ ഏടുകൾ മറിച്ചു നോക്കിയിരുന്നു.

അശ്രദ്ധമായി എപ്പോഴോ ചില വരികൾ വായിക്കുകയും ചെയ്തു.

എന്തൊക്കെയോ മുൻധാരണകൾ എന്റെ മനസ്സിൽ ശ്വാസംമുട്ടിക്കഴിയുന്നതുപോലെ.

ഒരനുജ സഹോദരനോടെന്ന പോലെ ശ്രദ്ധിച്ചു വായിക്കണമെന്ന അദ്ദേഹത്തിന്റെ വാക്കുകളോട് നീതി പുലർത്താൻ എനിക്കു കഴിഞ്ഞില്ല.

എന്റെ ജീവിത രീതിക്കോ ഞാൻ പ്രതിനിധാനം ചെയ്യുന്നു എന്നവകാശപ്പെടുന്ന ആശയങ്ങൾക്കോ ആ പുസ്തകം ഇണങ്ങുന്നതായിരുന്നില്ല.

പക്ഷേ എന്താശയമാണ് ഞാൻ പ്രതിനിധീകരിക്കുന്നത് എന്ന് ആ പുസ്തകം എന്നോട് ചോദിച്ചു തുടങ്ങി.

അങ്ങനെയൊന്നുണ്ടെങ്കിൽ അത് ഏത് പ്രമാണത്തിന്റെ വെളിച്ചത്തിൽ എന്നും.

ചില വരികളെങ്കിലും എന്റെ ഹൃദയത്തിൽ ഞാനറിയാതെ കയറിപ്പറ്റാൻ ശ്രമിക്കുന്നതായി ഞാൻ അനുഭവിച്ചറിഞ്ഞു.

ഈ പ്രപഞ്ചത്തെക്കുറിച്ചും അതിലെ വ്യവസ്ഥാപിതമായ പ്രവർത്തനത്തെക്കുറിച്ചും എന്റെ മനസ്സിൽ ആ പുസ്തകം എന്തൊക്കെയോ കോറിയിടുന്നതായി എനിക്കു തോന്നി.

ഞാനൊരിക്കലും ചിന്തിച്ചിട്ടില്ലാത്ത കാര്യങ്ങളായിരുന്നു അതൊക്കെ.

തികച്ചും എനിക്കപരിചിതമായ എങ്ങോട്ടോ ആ പുസ്തകം എന്നെ കൈപിടിച്ചുനടത്തി.

അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ ഞാൻ നടന്നു.

പ്രശാന്തമായ ഒരുണർവിലൂടെ സഞ്ചരിക്കുന്നതായി എനിക്കു തോന്നി.

കരുണാർദ്രമായ ഒരു തേജസ് എന്നെ തലോടുന്നുണ്ടായിരുന്നു.

മനുഷ്യ പ്രകൃതിയുടെ പരിമളം എന്നിൽ പൂത്തുലയുന്നതു പോലെ.

പരമ്പരാഗതമായി ആദരിക്കുകയും അനുഭവിക്കുകയും ചെയ്തിരുന്ന പലതും ചീട്ടുകൊട്ടാരം പോലെ മുന്നിൽ ചിതറിക്കിടക്കുന്നത് നടുക്കത്തോടെ ഞാനറിഞ്ഞു.

സുഹൃത്ത് തന്ന പുസ്തകം ഞാൻ ഒറ്റയിരുപ്പിൽ വായിക്കുകയായിരുന്നില്ല.

അൽപാൽപമായ ഒരു വായനയായിരുന്നു.

ഒരേടോ അതിൽ അൽപം കൂടുതലോ വായിക്കുമ്പോൾതന്നെ ഞാൻ അശാന്തനും അവശനുമായിക്കൊണ്ടിരുന്നു.

മനസ്സും ശരീരവും തളർന്ന് ഇനിയൊട്ടും മുന്നോട്ടുപോകാൻ കഴിയാത്ത ഒരു അസാധാരണ അനുഭവം.

മറ്റെന്തും ഞാൻ ദീർഘമായി വായിക്കുമായിരുന്നു.

ഒറ്റയിരുപ്പിൽ ഒരു പുസ്തകം വായിക്കാൻ വരെ എനിക്ക് കഴിഞ്ഞിട്ടുണ്ട്.

ക്ഷീണം ബാധിച്ചാൽ തൽക്ഷണം വായന നിർത്തി കണ്ണുമടച്ച് ഒരിരുപ്പാണ്.

നിർവചിക്കാൻ കഴിയാത്ത പല അവസ്ഥകളിലൂടെയും എന്റെ മനസ്സ് അപ്പോൾ മാറിമാറി കടന്നു പോകും, ദയാർദ്രമായ ഒരിടപെടൽ എന്ന പോലെ.

നല്ല തെളിനീർ ഉറവയിൽനിന്ന് പാനം ചെയ്ത് ഹൃദ്യമായ പരിചരണമേറ്റ് പൂക്കളുടെ ലോകത്ത് നിലാവിൽ കുളിച്ചു നിൽക്കുന്ന പ്രതീതിയായിരുന്നു ചിലപ്പോൾ.

ഇരുട്ടിൽ വഴിയറിയാതെ വിജനപ്രദേശത്തകപ്പെട്ട ഒരാൾക്ക് തന്നെ തേടിയെത്തുന്ന പ്രകാശ ഗോപുരം പോലെ.

പ്രകാശത്തിനു മേൽ പ്രകാശം!

അൽപാൽപമായ ഓരോ വായനക്കുശേഷവും ദീർഘമായ ചിന്തയിലേക്ക് ഞാൻ എടുത്തെറിയപ്പെട്ടു.

പലപ്പോഴും ഉണർന്നത് കഠിനമായി വിയർത്തുകൊണ്ടോ ഭയം പിടികൂടിയതിനാലോ സന്തോഷാധിക്യത്താൽ ഒരു കൊച്ചു കുട്ടിയെപ്പോലെ തുള്ളിച്ചാടാൻ വെമ്പുന്ന മനസ്സുമായിട്ടോ ആയിരുന്നു.

സുഹൃത്തിനോടെനിക്ക് പൂർവാധികം ബഹുമാനവും ആദരവും തോന്നി.

അതൊരനുരാഗമായി വളർന്നു.

ഒരാൾക്ക് മറ്റൊരാളെ ഇത്രത്തോളം സ്നേഹിക്കാൻ പറ്റുമോ എന്നു ഞാൻ എന്നോടുതന്നെ ചോദിച്ചു.

കാലഹരണപ്പെട്ട തത്ത്വസംഹിതകളല്ല അദ്ദേഹത്തെ നയിക്കുന്നതെന്ന് ഞാൻ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു.

എപ്പോഴും പ്രക്ഷുബ്ധമായ ഒരു മനസ്സായിരുന്നു എന്റേത്.

ആ പുസ്തകം എന്റെ മനസ്സിൽ ശാന്തത കോരിനിറച്ചു.

അദ്ദേഹത്തിന്റെ മുഖത്തുനിന്ന് ഞാൻ വായിച്ചെടുത്ത ശാന്തഗംഭീരമായ ഭാവം ഇപ്പോൾ എന്നെയും തുണക്കുന്നുവെന്ന് എനിക്ക് തോന്നി.

ഞാൻ ആദരിക്കുന്ന വ്യക്തിത്വം എനിക്കുകൂടി സ്വന്തം.

സകല പാരമ്പര്യങ്ങളെയും ശീലങ്ങളെയും വേരറുത്തുമാറ്റാൻ മാത്രം ശക്തമായ ഇത്തരം ഒരു ചിന്ത മുമ്പെങ്ങും എന്നെ തുണക്കാതിരുന്നത് എന്തുകൊണ്ട് എന്നു ഞാൻ ചിന്തിച്ചു.

സുഹൃത്തുക്കളിലാരും ഇങ്ങനെ ഒരു ഗ്രന്ഥമോ അതുളവാക്കുന്ന നൂതന വിപ്ലവ സരണിയോ ശ്രദ്ധയിൽപെടുത്താൻ എന്തുകൊണ്ട് വിട്ടുപോകുന്നു എന്നും ഞാനോർത്തു.

അതോ, ഞാൻ കണ്ണുമടച്ച് നടക്കുകയായിരുന്നോ?

പാഴായിപ്പോയ ആയുസ്സ്.

എനിക്ക് ലജ്ജയും സങ്കടവും തോന്നി.

ഗൗരവതരമായ ചില തീരുമാനങ്ങൾ എന്റെ മനസ്സിലുണർന്നു.

ഒരു ശക്തിക്കും എന്നെ തടുക്കാനാവില്ലെന്ന് ഉറക്കെ പറയണമെന്ന് തോന്നി.

ഒറ്റയാനായിപ്പോലും ഈ വഴിയേ സഞ്ചരിക്കാൻ ഞാനുറച്ചു.

എന്റെ കരുത്ത് മുഴുവൻ ഈ ഗ്രന്ഥമാണിപ്പോൾ.

അറിവില്ലായ്മയാണ് മനുഷ്യന്റെ ശത്രു.

അങ്ങനെ ഒരു പാഠം അഭ്യസിക്കുവാൻ എത്ര ആയുസ്സെടുത്തു എന്നു ഞാൻ ചികയുന്നില്ല.

'നിന്നെ സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ വായിക്കുക.'

ആ ഗ്രന്ഥത്തിന്റെ തുടക്കം അങ്ങനെ ആയിരുന്നല്ലോ.

എന്റെ സുഹൃത്തിന്: താങ്കൾ എനിക്കു തന്ന പുസ്തകം ശ്രദ്ധാപൂർവം വായിക്കാൻ തുടങ്ങിയിരിക്കുന്നു. അതു നൽകിയ അകക്കണ്ണിലൂടെ ദൃശ്യപ്രപഞ്ചവും അദൃശ്യങ്ങളും വായിക്കാൻ ഞാൻ ശീലിക്കുകയാണ്. ഗ്രന്ഥകർത്താവിനെക്കുറിച്ച് ഞാൻ അറിഞ്ഞു വരുന്നേയുള്ളൂ. നന്ദി! ഒരായിരം നന്ദി! ■